**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4758 22.03.2018-ലെ മറുപടിയ്ക്ക്

**ഫുട്ബോളിൽ തല്പരരായ കുട്ടികൾക്ക് വിദഗ്ധ പരിശീലനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ശ്രീ. എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തല്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളെ വളർത്തിയെടുക്കാനായി ആവിഷ്ക്കരിച്ച ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (എ) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ/സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകൾ എന്നിവിടങ്ങളിലേയ്ക്ക് ഗ്രാമീണ മേഖലയിൽ നിന്നുൾപ്പെടെയുള്ള കായിക താരങ്ങളെ തെരഞ്ഞെടുത്ത് വിദഗ്ധ പരിശീലനം നൽകി വരുന്നുണ്ട്. ഗ്രാമീണ മേഖലകളിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ, ജില്ലാ കോച്ചിംഗ് സെന്ററുകൾ എന്നിവിടങ്ങളിലും ഫുട്ബോളിൽ വിദഗ്ധ പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളെ വളർത്തിയെടുക്കുവാനായി ആവിഷ്ക്കരിച്ച "ഫുട്ബോൾ പരിശീലന പദ്ധതി" നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നഗര-ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന അനുയോജ്യമായ ഏജൻസിയെ കണ്ടെത്തി പ്രസ്തുത ഏജൻസി മുഖേനയാണ് പദ്ധതി നടപ്പിലാക്കേണ്ടുന്നത്. ഏജൻസിയെ കണ്ടെത്തുന്നതിനായി |

| | | | |
|---|---|---|---|
| | | | എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം കുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ടോ ; | (ബി) & (സി) | സ്പോർട്സ് ഹോസ്റ്റൽ , സ്കൂൾ ഹോസ്റ്റൽ, ഡേ ബോർഡിംഗ് സെന്ററുകൾ, റൂറൽ കോച്ചിംഗ് സെന്ററുകൾ എന്നിവിടങ്ങളിലേക്ക് കുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ "ഫുട്ബോൾ പരിശീലന പദ്ധതി"യിൻ കീഴിൽ കുട്ടികളെ തെരഞ്ഞെടുത്തിട്ടില്ല. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ചുവടെ ചേർക്കുന്നു. |
| (സി) | പ്രസ്തുത തെരഞ്ഞെടുപ്പിനായി സ്വീകരിച്ച മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ? | | **<u>സ്കൂൾ ഹോസ്റ്റൽ</u>**<br>1) കായിക താരങ്ങൾക്ക് 7, 8 ക്ലാസ്സുകളിലേയ്ക്കാണ് പ്രവേശനം നൽകുന്നത്. ആയതിനാൽ കായിക താരങ്ങൾ തൊട്ട് മുമ്പത്തെ ക്ലാസ്സുകളിൽ പഠിക്കുന്നവരായിരിക്കണം.<br>2) സംസ്ഥാന മത്സരങ്ങളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം നേടിയവർക്കും ദേശീയ മത്സരത്തിൽ പങ്കെടുത്തവർക്കും 9-ാം ക്ലാസിലേയ്ക്ക് സെലക്ഷനിൽ പങ്കെടുക്കാവുന്നതാണ്.<br>3) ദേശീയ മത്സരങ്ങളിൽ (സബ് ജൂനിയർ, ജൂനിയർ, സ്കൂൾ വിഭാഗത്തിൽ മെഡൽ നേടിയ കായിക താരങ്ങൾക്ക് 7,8,9 ക്ലാസ്സുകളിലേയ്ക്ക് നേരിട്ട് അഡ്മിഷൻ നൽകുന്നതാണ്.<br>4) സെലക്ഷനിൽ പങ്കെടുക്കുന്നവരുടെ ഉയരത്തിന് വെയിറ്റേജ് മാർക്ക് നൽകുന്നതാണ്.<br>**<u>പ്ലസ് വൺ സ്പോർസ് ഹോസ്റ്റൽ</u>**<br>1) ജില്ല/സംസ്ഥാന മീറ്റുകളിൽ പങ്കെടുത്തവർക്ക് ടി സെലക്ഷനിൽ പങ്കെടുക്കുവാൻ കഴിയും.<br>2) ജൂനിയർ, സീനിയർ, സ്കൂൾ ഖേലോ ഇന്ത്യ ജില്ല മത്സരത്തിൽ പങ്കെടുത്തിട്ടുള്ളവരായിരിക്കണം.<br>3) ഉയരത്തിന് വെയിറ്റേജ് മാർക്ക് ലഭിക്കുന്നതാണ്.<br>4) ദേശീയ മത്സരത്തിൽ 1,2,3 സ്ഥാനം |

| | | | |
|---|---|---|---|
| | | | നേടിയവർക്ക് നേരിട്ട് പ്രവേശനം അനുവദിക്കുന്നതാണ്.<br>5) പരിശീലകർ കഴിവുള്ള കുട്ടികളെ കണ്ടെത്തിയാൽ സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയോടെ തെരഞ്ഞെടുപ്പിൽ പങ്കെടുപ്പിക്കാവുന്നതാണ്.<br>6) സെലക്ഷൻ നടക്കുന്ന വർഷത്തിന് മുൻപുള്ള രണ്ടു വർഷത്തെ പെർഫോമൻസ് മാത്രം പരിഗണിക്കുവാൻ കഴിയുള്ളൂ.<br>**<u>ഡേ ബോർഡിംഗ് സെന്ററുകൾ/റൂറൽ കോച്ചിംഗ് സെന്ററുകൾ.</u>**<br>അതത് ജില്ലാ സ്പോർട്സ് കൗൺസിലുകൾ വഴി മികച്ച കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നു. |

**സെക്ഷൻ ഓഫീസർ**